

# 2 ഋതുയോഗം



- **ഇന്ത്യൻ ഷേക്സ്പിയർ** എന്നു വിശേഷിപ്പിക്കപ്പെടുന്ന വിശ്വമഹാകവിയാണ് കാളിദാസൻ.രഘുവംശം, കുമാരസംഭവം,മേഘസന്ദേശം,ഋതുസംഹാരം,മാളവികാഗ്നിമിത്രം,വിക്രമോർവശീയം,അഭിജ്ഞാനശാകുന്തളം എന്നിവയാണ് കാളിദാസകൃതികൾ
- മഹാഭാരതം സഭാപർവത്തിലെ 68 മുതൽ 74 വരെയുള്ള 7 അധ്യായങ്ങളിലെ 326 പദ്യങ്ങളിലായി വ്യാപിച്ചു നിൽക്കുന്ന കഥയാണ് ശാകുന്തളം കഥ. ഈ കഥയെ അടിസ്ഥാനമാക്കി കാളിദാസൻ രചിച്ച 7 അങ്കങ്ങളുള്ള നാടകമാണ് **അഭിജ്ഞാനശാകുന്തളം**. ഈ നാടകത്തിന് എ.ആർ.രാജരാജവർമ **മലയാളശാകുന്തളം** എന്ന പേരിൽ നൽകിയ വിവർത്തനത്തിലെ ഏഴാമങ്കത്തിൽ നിന്നെടുത്തതാണ് പാഠഭാഗം.



- ദുർവ്വാസാവിന്റെ ശാപം നിമിത്തം കൂടിച്ചേരാൻ കഴിയാതെ പോയ ദുഷ്ഷന്തനും ശകുന്തളയും കശ്യപാശ്രമത്തിൽ വെച്ച് കണ്ടുമുട്ടുന്നതും ഒന്നിക്കുന്നതുമായ സംഭവവികാസങ്ങളാണ് പാഠഭാഗത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

- യുദ്ധത്തിൽ ഇന്ദ്രനെ സഹായിച്ച് മടങ്ങിവരുന്ന ദുഷ്ഷന്തൻ ദേവേന്ദ്രന്റെ തേരാളിയായ മാതലിയുടെ നിർദ്ദേശ പ്രകാരം കശ്യപാശ്രമത്തിൽ എത്തിച്ചേരുന്നു.

- അവിടെയെത്തുമ്പോൾ ദുഷ്ഷന്തൻ കാണുന്നത് സിംഹക്കുട്ടിയെ പിടിച്ചു വലിച്ചു കൊണ്ടു വന്ന് അതിന്റെ പല്ലെണ്ണുന്ന കുട്ടിയെയാണ്.ഇത് ദുഷ്ഷന്തനെ അത്ഭുതപ്പെടുത്തുന്നു.

- കുട്ടിയുടെ കയ്യിൽ കെട്ടിയിരുന്ന രക്ഷ വീണു കിടക്കുന്നതു കണ്ട് അത് എടുത്ത് അവന്റെ കയ്യിൽ കെട്ടിക്കൊടുത്തു. ഇത് അവിടെയുള്ളവരെ അത്ഭുതപ്പെടുത്തുകയും അവർ ഈ വിവരം ശകുന്തളയെ അറിയിക്കുകയും ചെയ്യുന്നു. (കുട്ടിയുടെ അമ്മയ്ക്കോ അച്ഛനോ, കുട്ടിക്കു തന്നയോ അല്ലാതെ ആർക്കും വീണു പോയ രക്ഷഎടുത്ത് കെട്ടാനാവില്ല. അല്ലാത്തവർ അത് എടുത്താൽ രക്ഷ പാമ്പായി മാറുകയും രക്ഷ എടുത്തവനെ കടിക്കുകയും ചെയ്യും.)

- വിവരമറിഞ്ഞ് ശകുന്തള വരുകയും ദുഷ്ഷന്തനും ശകുന്തളയും തമ്മിൽ കണ്ടുമുട്ടുകയും പരസ്പരം തിരിച്ചറിയുകയും താൻ ചെയ്ത അപരാധം പൊറുക്കുവാൻ ദുഷ്ഷന്തൻ ശകുന്തളയോടു ആവശ്യപ്പെടുകയും ചെയ്യുന്നു.

- ദുഷ്ഷന്തനും, ശകുന്തളയും സർവദമനും മാരീചനെയും അദിതിയെയും കാണാൻ പോവുകയും അവരിൽ നിന്ന് അനുഗ്രഹം വാങ്ങുകയും ചെയ്തു.

## പാഠഭാഗത്തിലെ കഥാപാത്രങ്ങൾ

1. ദുഷ്ഷന്തൻ - പുരുവംശത്തിൽ ജനിച്ചു.ഹസ്തിനപുരത്തിലെ രാജാവ്.
2. ശകുന്തള - വിശ്വാമിത്രന് അപ്സരസ്സായ മേനകയിൽ ജനിച്ച മകൾ.കണ്വന്റെ വളർത്തു മകൾ.
3. മാതലി - ദേവേന്ദ്രന്റെ സാരഥി
4. മാരീചൻ - കശ്യപൻ. മരീചിയുടെ പുത്രൻ എന്ന അർത്ഥത്തിൽ മാരീചൻ എന്നും അറിയപ്പെടുന്നു. ദേവേന്ദ്രന്റെ പിതാവായ മഹർഷി. ഹേമകൂടത്തിൽ താമസിക്കുന്നു.ഭർത്താവ് ഉപേക്ഷിച്ച ശകുന്തളയെ മേനക കൊണ്ടുചെന്നാക്കിയത് മാരീചാശ്രമത്തിലാണ്.
5. അദിതി - ദേവമാതാവ്. കശ്യപപത്നി. ദക്ഷന്റെ പുത്രിയായ ദാക്ഷായണി തന്നെയാണ് അദിതി.
6. സർവദമനൻ - ശകുന്തളയുടെയും ദുഷ്ഷന്തന്റെയും മകൻ (ഭരതൻ എന്നാണ് യഥാർഥപേര്)



### കാവ്യഭാഗങ്ങളുടെ ആശയം



കാവ്യ ഭാഗങ്ങളും അവയുടെ ആശയവും താഴെ നൽകിയിരിക്കുന്നു. ഉദ്ധരണിയിൽ കൊടുത്തിരിക്കുന്നതാണ് കാവ്യത്തിന്റെ ആശയം. അതിന് താഴെ കൊടുത്തിരിക്കുന്നത് ആശയം കൂടുതൽ മനസ്സിലാക്കുവാനുള്ള വിശദീകരണമാണ്.ഒപ്പം ഈ ഭാഗം മനസ്സിലോയോ എന്ന് പരിശോധിക്കാനുള്ള ചോദ്യങ്ങളും കൊടുത്തിരിക്കുന്നും.കാവ്യ ഭാഗം വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരം കിട്ടുന്നുണ്ടോ എന്ന് പരിശോധിക്കണം. ഉത്തരം കിട്ടിയില്ലെങ്കിൽ കാവ്യ ഭാഗം ഒരിക്കൽ കൂടി വായിച്ച് ആശയം മനസ്സിൽ ഉറപ്പിക്കുക.

1 ''മുലപാതി കുടിച്ചു.................. സിംഹബാലനെ.''

**''മുലകുടിച്ചുകൊണ്ട് നിൽക്കുന്ന സിംഹക്കുട്ടിയുടെ കഴുത്തിലെ രോമങ്ങൾ പിടിച്ചുലച്ച് കളിക്കാനായി ശക്തിയോടെ വലിച്ചുകൊണ്ടു പോവുകയാണ്''** -സർവദമനൻ

ഗളരോമങ്ങൾ - കഴുത്തിലെ രോമങ്ങൾ

ദേവാസുരയുദ്ധം കഴിഞ്ഞ് മടങ്ങിവരുന്ന സമയത്ത് ദുഷ്ഷന്തൻ മാരീചാശ്രമത്തിൽ വച്ച് സർവദമനനെ കാണുന്നതാണ് സന്ദർഭം.എന്നാൽ ആശ്രമത്തിലെ ശാന്തമായ അന്തരീക്ഷത്തിന് യോജിക്കാത്ത രീതിയിലുള്ള കാര്യങ്ങളാണ് ദുഷ്ഷന്തൻ അവിടെ കാണുന്നത്.ഒരു കുട്ടി ഒരു ഭയവുമില്ലാതെ സിംഹക്കുട്ടിയെ അതിന്റെ കഴുത്തിലെ രോമങ്ങൾ പിടിച്ച് വലിച്ചിഴച്ച് കൊണ്ട് പോകുന്നത് ദുഷ്ഷന്തനെ അത്ഭുതപ്പെടുത്തുന്നു.കുട്ടിയ്ക്ക് കീഴടങ്ങി നിൽക്കുന്ന സിംഹക്കുട്ടിയും ആശ്രമബാലനും തമ്മിലുള്ള ബന്ധം രാജാവിന് അവിശ്വസനീയമാണ്. രാജാവായ ദുഷ്ഷന്തനെ സംബന്ധിച്ച് സിംഹം കാട്ടിലെ ക്രൂരമൃഗമാണ്.നായാട്ടിന് പോകുമ്പോൾ തന്റെ കരുത്ത് തെളിയിക്കാൻ ധീരതയോടെ കീഴടക്കേണ്ട മൃഗമാണത്. എന്നാൽ ആശ്രമവാസിയായ സർവദമനന് അത് തന്റെ സഹജീവിയാണ്.

ഈ ഭാഗം മനസ്സിലാക്കാനുള്ള ചോദ്യം

*1. ഇവിടെ തെളിയുന്ന സർവദമന്റെ പ്രത്യേകതകൾ?*

2.''എരിയാൻ വിറകിന്നു ............... പെരിയോർക്കുള്ളൊരു വീരബാലനെ''

**''ഏതോ മഹാപുരുഷന്റെ പുത്രനായ ഈ ബാലനെ എരിയുന്നതിനുവേണ്ടി**

**വിറകു കാത്തുകിടക്കുന്ന തീപ്പൊരിക്ക് സമമായി ഞാൻ വിചാരിക്കുന്നു.''**

ഹവ്യവാഹൻ - അഗ്നി        നിനയ്ക്കുക - വിചാരിക്കുക

സർവദമനനെ കണ്ട ദുഷ്ഷന്തന്റെ മനസ്സിലുണ്ടാവുന്ന ചിന്തയാണിത്. ഈ കുട്ടിയിൽ എന്തോ ഒരു മഹത്വം ഒളിഞ്ഞിരിക്കുന്നതായി ദുഷ്ഷന്തന് തോന്നുന്നു. ഒരു തീപ്പൊരിമതി എല്ലാം കത്തിച്ച് പടർന്നു പിടിക്കാൻ. അങ്ങനെ മഹാ അഗ്നിജ്വാലയായി മാറാനുള്ള കരുത്ത് തീപ്പൊരിക്കുള്ളതു പോലെ വലിയൊരു തേജസ്സ് ഈ കുട്ടിയിലും ഉണ്ടാവാമെന്ന് ദുഷ്ഷന്തൻ ചിന്തിക്കുന്നു.

ഈ ഭാഗം മനസ്സിലാക്കാനുള്ള ചോദ്യങ്ങൾ

*1. തേജസ്സിയായി വളരാനുള്ള ലക്ഷണങ്ങൾ കുട്ടിയിലുണ്ട് എന്ന് രാജാവിന് തോന്നുന്നതായി അവതരിപ്പിച്ചതെങ്ങനെ.*

*2. കുട്ടിയെ എന്തിനോടാണ് സാദൃശ്യപ്പെടുത്തിയിരിക്കുന്നത്.*

3.'' കളിക്കോപ്പേൽക്കാനായ് ......... ......... വിടരുമൊരു തണ്ടാർ മലരുപോൽ''

**''കളിപ്പാട്ടം കിട്ടുവാനായി കൗതുകത്തോടെ നീട്ടിയ കൈയിലെ വിരലുകൾ വിളക്കിച്ചേർത്താലെന്നപോലെ ഞെരുങ്ങിത്തൊട്ടു നിൽക്കുന്നു. വിരലുകളിട തൂർന്ന കൈകൾ നല്ലപോലെ ചുവപ്പ് നിറമുള്ള പ്രഭാതത്തിൽ ഇതളുകൾ തെളിയാതെ വിടർന്നുവരുന്ന (പൂർണമായും വിരിയാത്ത) താമരപ്പൂ പോലെ വിളങ്ങുന്നു.''**

സർവദമൻ കൈമലർത്തി കാണിച്ചപ്പോൾ, കൈ കണ്ട് ദുഷ്ഷന്തന് തോന്നിയ കാര്യങ്ങളാണ് ഇത്.

കുതുകമോടെ - താൽപര്യത്തോടെ.    രാഗം - ചുവപ്പ്
ഭൃശം - നല്ലപോലെ    ഉഷസ്സ് - പ്രഭാതം
തണ്ടാർമലർ - താമരപ്പൂവ്

ഈ ഭാഗം മനസ്സിലാക്കാനുള്ള ചോദ്യങ്ങൾ

*1. കുട്ടിയുടെ കൈവിരൽ എങ്ങനെയാണുള്ളത് ?*

*2. കുട്ടിയുടെ കൈവിരൽ കണ്ട് രാജാവ് ചിന്തിക്കുന്നതെന്ത് ?*

*3. കുട്ടിയുടെ ബാല്യത്തെ സൂചിപ്പിക്കാൻ ഇവിടെ സൂചിപ്പിച്ച പദം*

*ഉത്തരം:ഉഷസ്സ്.*

4. ''പല്ലിൻമൊട്ടുകൾ ഹേതുവെന്നിയേ ...........................ധന്യം ജനം.''

**''ഒരു കാരണവുമില്ലാതെ നിഷ്കളങ്കമായി പൂമൊട്ടുപോലെയുള്ള കുഞ്ഞിപല്ലുകൾ കാട്ടി ചിരിച്ചും തെളിഞ്ഞ മനസ്സോടെ രസിച്ചും അവ്യക്തവും മധുരവുമായ വാക്കുകൾ പറഞ്ഞും കുട്ടികൾ കളിക്കുന്നു**(ഈ കാഴ്ചകൾ മാതാപിതാക്കൾക്ക് ആനന്ദപ്രദമാണ്) **തങ്ങളുടെ മടിയിലിരുന്ന് കൊഞ്ചിക്കുഴയുന്ന കുഞ്ഞുങ്ങളുടെ ശരീരത്തിൽ പറ്റിയിരിക്കുന്ന പൊടി സ്വന്തം ശരീരത്തിലേൽക്കുന്നത് പോലും മാതാപിതാക്കൾ സുകൃതമായി കരുതുന്നു.''**

വചസ്സ് - വാക്ക്    അങ്കം - മടിത്തട്ട്
കുതുകം - സന്തോഷം    പങ്കം - ചേറ്
അമരുക - ഇരിക്കുക    സുകൃതം - നല്ല കർമ്മം

ലൗകികജീവിതത്തിലെ സുന്ദരമായ നിമിഷങ്ങളിലൊന്നാണിത്.കുട്ടികളുടെ കൊഞ്ചിക്കുഴഞ്ഞുള്ള കളികളാണ് കാളിദാസൻ ഇവിടെ ചിത്രീകരിച്ചിരിക്കുന്നത്. ഇത് അനുഭവിക്കാനുള്ള ഭാഗ്യം തനിയ്ക്കുണ്ടാവുന്നില്ല എന്ന ദുഃഖമാണ് ദുഷ്ഷന്തന്. പല്ലിൻ മൊട്ടുകൾ എന്ന പ്രയോഗം സവിശേഷതയർഹിക്കുന്നു.

ഈ ഭാഗം മനസ്സിലാക്കാനുള്ള ചോദ്യങ്ങൾ

*1. കുട്ടിയുടെ പല്ലിനെ എന്തിനോട് സാദൃശ്യപ്പെടുത്തിയിരിക്കുന്നു ?*

*2. സുകൃതം ചെയ്ത ജന്മം ധന്യമായി തീരുന്നതെങ്ങനെ ?*

5. ''തെറികാട്ടിയാശ്ര.............................ദോഷമുളവാക്കിവയ്ക്കൊലാ.''

**''ചെറുപാമ്പ് ചന്ദനമരത്തിൽ ചുറ്റിപ്പിണഞ്ഞ് കയറും പോലെ കുസൃതികാണിച്ചുകൊണ്ട് നീ ആശ്രമത്തിന് ചേരാത്ത പ്രവൃത്തി ചെയ്യരുത്. പരിശുദ്ധവും പവിത്രവുമായ, ഗുണത്താൽ സൗമ്യമായ നിന്റെ ജന്മത്തിന് ഒരിക്കലും ദോഷമുണ്ടാക്കിവെക്കരുത്.''**

വൃത്തി - പ്രവൃത്തി

കുട്ടി മഹർഷി പുത്രനാണ് എന്നു കരുതിയാണ് ദുഷ്ഷന്തൻ അങ്ങനെ പറഞ്ഞത്.ദയയാണ് ആശ്രമ വാസികളുടെ പൊതുസ്വഭാവം.ഇതിനു വിരുദ്ധമായ ചാപല്യങ്ങളാണ് സർവദമനൻ കാണിക്കുന്നത്.(സിംഹത്തിന്റെ പല്ല് എണ്ണുന്നത്).ഇത് ക്ഷത്രിയൻമാരെ സംബന്ധിച്ച് ഉചിതമാണ്.എന്നാൽ ആശ്രമബാലന് ഇത്തരം പ്രവൃത്തികൾ പാടില്ല എന്നാണ് പറയുന്നത്. കുട്ടി ക്ഷത്രിയനാണ് എന്നത് രാജാവിന് അറിയില്ല. അതിവിശുദ്ധവും സൗമ്യവുമായ സാത്വിക ഗുണങ്ങൾ നിറഞ്ഞ ആശ്രമജീവിതത്തെ ചന്ദനമരത്തോടും സർവദമനനെ ചെറുപാമ്പിനോടും സാദൃശ്യപ്പെടുത്തിയത് ശ്രദ്ധേയമായിരിക്കുന്നു.

ഈ ഭാഗം മനസ്സിലാക്കാനുള്ള ചോദ്യങ്ങൾ

*1. കുട്ടിയെയും ആശ്രമത്തെയും എന്തിനോട് സാദൃശ്യപ്പെടുത്തിയിരിക്കുന്നത് ?*

*2. ആശ്രമവാസികളുടെ ജന്മം എങ്ങനെയുള്ളതാണ് ?*

6. ''ഗോത്രാദിയൊന്നുമറിയാതെ.................. പുണരുന്നൊരു പുണ്യവാന്ന്''

**''ഏത് വംശത്തിൽ പെട്ടവനാണ് ഈ കുട്ടി എന്നറിയാതെ ഇവന്റെ ശരീരത്തിൽ തൊട്ടപ്പോൾ എനിക്ക് ഇത്രമാത്രം സുഖം തോന്നുന്നുവെങ്കിൽ പുത്രനാണെന്ന ചിന്തയോടെ ഇവനെ പുണരുന്ന പിതാവ് അനുഭവിക്കുന്ന നിർവൃതി എത്രത്തോളമായിരിക്കും.''**

കുട്ടിയുടെ കുസൃതിയും വീരത്വവും നിഷ്കളങ്കതയും പ്രസരിപ്പും ദുഷ്ഷന്തനെ വല്ലാതെ ആകർഷിച്ചു. അതിനാൽ തന്നെ സർവദമന്റെ പിതാവായിരിയ്ക്കുന്നത് അത്രയേറെ പുണ്യമാണെന്ന് ദുഷ്ഷന്തൻ കരുതുന്നു.സർവദമൻ തന്റെ പുത്രനായിരുന്നെങ്കിൽ എന്ന ദുഷ്ഷന്തന്റെ ചിന്ത ഇവിടെ തെളിഞ്ഞു കാണാം.

7. ''ധരണീഭരണത്തിനായി ...................
പുരുവംശോദ്ഭവരേകപത്നിയോടേ''

**''രാജ്യഭരണത്തിനായി മുമ്പ് കൊട്ടാരങ്ങളിൽ വസിച്ചതിനുശേഷം പുരുവംശത്തിൽ പിറന്നവർ ഏകപത്നീസമേതം വൃക്ഷച്ചുവടുകളിൽ ആശ്രമം തീർത്ത് വസിക്കാറുണ്ട്. അഥവാ വനവാസം അനുഷ്ഠിക്കാറുണ്ട്.''**

ധരണി - ഭൂമി മുന്നം - പണ്ട് സൗധം - കൊട്ടാരം
പുരുസൗധം - പുരുവംശ രാജാക്കൻമാരുടെ കൊട്ടാരം
തരുമൂലഗൃഹസ്ഥർ - വൃക്ഷത്തിന്റെ ചുവട് ഗൃഹമായി സ്വീകരിച്ചവർ (സന്ന്യാസിമാർ)

(വാനപ്രസ്ഥത്തെക്കുറിച്ചാണ് ഇവിടെ സൂചിപ്പിക്കുന്നത്. നന്നായി രാജ്യഭരണം നടത്തിയതിനു ശേഷം പുരുവംശ രാജാക്കൻമാർ വനത്തിൽ എവിടെയെങ്കിലും കുടിൽ കെട്ടി സന്യാസം സ്വീകരിച്ച് ജീവിക്കാറുണ്ട്.സുഖ സമൃദ്ധമായ ജീവിതത്തിൽ നിന്ന് ലളിതമായ ജീവിതത്തിലേക്കുള്ള കടന്നു പോക്കാണ് ഇത്. പുരുവംശ രാജാക്കൻമാരുടെ അന്ത്യമായ കുലവ്രതമിതാണ്.)

ഈ ഭാഗം മനസ്സിലാക്കാനുള്ള ചോദ്യങ്ങൾ

*1. തരുമൂല ഗൃഹസ്ഥരായ് ചരിക്കുക എന്നാൽ എന്ത് ?*

*വൃക്ഷത്തിന്റെ ചുവട് ഗൃഹമായി സ്വീകരിച്ച് ജീവിക്കുക.ഇങ്ങനെ ജീവിക്കുക സന്ന്യാസിമാരാണ്.*

*2.പുരുവംശ രാജാക്കൻമാരുടെ അന്ത്യമായ കുലവ്രതമെന്ത് ?*

*നന്നായി രാജ്യഭരണം നടത്തിയതിനു ശേഷം പുരുവംശ രാജാക്കൻമാർ വനത്തിൽ എവിടെയെങ്കിലും കുടിൽ കെട്ടി സന്യാസം സ്വീകരിച്ച് ജീവിക്കാറുണ്ട്.ഇതിനെയാണ് വാനപ്രസ്ഥം എന്ന് പറയുന്നത്.ഇതാണ് അന്ത്യമായ കുലവ്രതം*

8. ''മലിനം വസനദ്വയം; ................... ഖലനാമെന്റെ വിയോഗദീക്ഷ സാധ്വി.''

വിരഹിണിയായ ശകുന്തളയെ ദുഷ്ഷന്തൻ കാണുന്നതാണ് സന്ദർഭം.

**''അവൾ ധരിച്ചിരിക്കുന്ന ഇരു വസ്ത്രങ്ങളും അഴുക്ക് പുരണ്ടവയാണ്. വ്രതത്താൽ ഏറെ മെലിഞ്ഞിരിക്കുന്നു.മുടി ഒറ്റക്കെട്ടായി ജഡപിടിച്ചിരിക്കുന്നു. ദുഷ്ടനായ തന്റെ ദീർഘകാലമായുള്ള വേർപാടു കൊണ്ട് ശകുന്തള അനുഷ്ഠിക്കുന്ന വിയോഗ വ്രതം കഠിനം തന്നെ.''**

വസനം - വസ്ത്രം　　ദ്വയം - രണ്ട്　　കുഴൽ - മുടി

ഖലൻ - ദുഷ്ടൻ　　വിയോഗ ദീക്ഷ - വിയോഗ വ്രതം

സാധ്വി - പതിവ്രത

ഒരു കറ്റയായി - ഒന്നായി മെടഞ്ഞിട്ടിരിക്കുന്നത്

ശകുന്തളയുടെ മനോവിശുദ്ധി മനസ്സിലാക്കിയ ദുഷ്ഷന്തന്റെ ആത്മവിമർശനമാണ് ഈ ഭാഗത്ത് പ്രകടമാകുന്നത്.ഭർതൃ വിയോഗത്താൽ ഭാര്യമാർ അനുഷ്ഠിക്കുന്ന വ്രതമാണ് ശകുന്തള എടുത്തിരിക്കുന്നത്. തലമുടി വിടർത്തി കെട്ടാതെയും ഒരു തരത്തിലുമുള്ള അലങ്കാരങ്ങൾ അണിയാതെയും എടുക്കുന്ന കഠിന വ്രതമാണിത്. ഇത് എത്ര ദിവസം വരെ നീണ്ടു പോകും എന്ന് പറയാനാവില്ല.

ഈ ഭാഗം മനസ്സിലാക്കാനുള്ള ചോദ്യങ്ങൾ

*1.വിരഹിണിയായ ശകുന്തളയെ കവി അവതരിപ്പിച്ചിരിക്കുന്നതെങ്ങനെ ?*

*ഭർതൃ വിയോഗത്താൽ ഭാര്യമാർ അനുഷ്ഠിക്കുന്ന വ്രതമാണ് ശകുന്തള എടുത്തിരിക്കുന്നത്. തലമുടി വിടർത്തി കെട്ടാതെയും ഒരു തരത്തിലുമുള്ള അലങ്കാരങ്ങൾ അണിയാതെയും ദുഃഖിതയായിരിക്കുകയാണ് ശകുന്തള.*

*2.ദുഷ്ഷന്തൻ സ്വയം തന്നെ വിശേഷിപ്പിക്കുന്നതെന്ത് ?*

*ഉത്തരം:ദുഷ്ടൻ*

9. ''മോഹമകന്നുതെളിഞ്ഞേൻ, .....................ചേർന്നു ഭാഗ്യവശാൽ''

**''മനോഹരമായ ശരീരത്തോടു കൂടിയവളേ(സുന്ദരിയായവളേ), മനസ്സിനെ ബാധിച്ച ഭ്രമം അകന്ന് എന്റെ ഓർമ തെളിഞ്ഞിരിക്കുന്നു. മോഹാന്ധകാരമകന്ന എന്റെ മുന്നിൽ നീ വന്നു നിൽക്കുന്നു. ഗ്രഹണം കഴിഞ്ഞപ്പോൾ ചന്ദ്രൻ രോഹിണിയുമായി ചേർന്നതു പോലെ മറവിയിൽ നിന്ന് മുക്തനായ എന്റെ മുന്നിൽ ഭാഗ്യവശാൽ നീ വന്നു നിൽക്കുന്നു.''**

മോഹം - അജ്ഞാനം,ഒരു തരം ഭ്രമം

മോഹാന്ധകാരം - മറവിയാകുന്ന ഇരുട്ട്

ചന്ദ്രന്റെ ഭാര്യയാണ് രോഹിണി.രാഹുരോഹിണിയെ മറച്ചാൽ ചന്ദ്രനു രോഹിണിയെക്കാണാൻ സാധിക്കുകയില്ല. ഗ്രഹണം തീരുമ്പോൾ രോഹിണീസാമീപ്യം കൈവരുകയും ചെയ്യും.അതുപോലെ ശാപശക്തി കൊണ്ട് ശകുന്തളയെ മറന്നുപോയ ദുഷ്ഷന്തന് ശാപമകന്ന് ബുദ്ധി തെളിഞ്ഞപ്പോൾ ശകുന്തളയെ തിരിച്ചറിയാൻ കഴിഞ്ഞുവെന്നാണ് വരി

കളുടെ സാരം.

ഈ ഭാഗം മനസ്സിലാക്കാനുള്ള ചോദ്യങ്ങൾ

*1. ശകുന്തളയെ ദുഷ്ഷന്തൻ കണ്ടുമുട്ടിയതിനെ എന്തിനോട് സാദൃശ്യപ്പെടുത്തിയിരിക്കുന്നു ?*

*2. ദുർവ്വാസാവിന്റെ ശാപം ബാധിച്ച തന്നെ രാജാവ് എന്തിനോടാണ് സാദൃശ്യപ്പെടുത്തിയിരിക്കുന്നത് ?*

*3.മോഹമകന്നു എന്ന് ദുഷ്ഷന്തൻ പറയുന്നതിലെ സൂചനയെന്ത് ?*

*(ദുർവാസാവിന്റെ ശാപഫലമായുണ്ടായ മറവി)*

10. ''ഇന്നിജ്ജയ പ്രാർഥന ......................... കാൺകയാലേ''

**''വിജയിക്കട്ടെ എന്ന ഈ പ്രാർത്ഥന ഇന്ന് ഇടയ്ക്കുവച്ച് ഗദ്ഗദത്താൽ പൂർണമാകാഞ്ഞിട്ടും അത് എന്നിൽ ഫലിച്ചിരിക്കുന്നു.മുറുക്കി ചുവന്നതിന്റെ(താംബൂലരാഗം) അടയാളം കലരാത്ത ശകുന്തളയുടെ തൊണ്ടിപ്പഴം പോലെയുള്ള അധരങ്ങൾ കണ്ടത് അതിന് തെളിവാണ്.''**

താംബൂലരാഗം - വെറ്റിലമുറുക്കിന്റെ ചുവപ്പ്.

ബിംബാധരം - മേൽച്ചുണ്ടും കീഴ്ച്ചുണ്ടും

വിരഹദുഃഖം അനുഭവിക്കുന്ന സ്ത്രീകൾ വെറ്റിലമുറുക്കാറില്ല. ശകുന്തളയെ കണ്ടപ്പോൾ ചുണ്ടുകളിൽ മുറുക്കിയതിന്റെ അടയാളം കാണാത്തതിനാൽ അവൾ ദീർഘകാലമായി വേർപാടിന്റെ ദുഃഖം അനുഭവിച്ചിരുന്നുവെന്ന് രാജാവിന് മനസ്സിലായി. ഇക്കാലമത്രയും അവൾ തന്നെ സ്നേഹിച്ചിരുന്നുവെന്ന് അറിഞ്ഞപ്പോഴുണ്ടാവുന്ന ദുഷ്ഷന്തന്റെ സന്തോഷമാണ് ശ്ലോകത്തിൽ തെളിയുന്നത്.

ഈ ഭാഗം മനസ്സിലാക്കാനുള്ള ചോദ്യം

*1. ജയ പ്രാർത്ഥന പകുതി മുറിഞ്ഞിട്ടും ഫലിച്ചു എന്ന് കരുതിയത് എന്തു കൊണ്ട് ?*

11. ''തെല്ലും ഞാൻ തള്ളിയെന്നുള്ളൊരു ..........................പാമ്പിതെന്നോതിയന്ധൻ''

**''ഞാൻ നിന്നെ ഉപേക്ഷിച്ചുവെന്ന പരിഭവം അല്പം പോലും നീ മനസ്സിൽ വെക്കരുത്. ആ നാളുകളിൽ എന്റെ മനസ്സ് വല്ലാത്തൊരു അഴുക്ക് (ദുർവാസാവിന്റെ ശാപം) ബാധിച്ച് നിശ്ചലമായിരുന്നു. മനസ്സിൽ കളങ്കം ബാധിച്ചവർ നന്മ വരുമ്പോഴും ഇതു പോലെ തന്നെയാണല്ലോ പെരുമാറുന്നത്. തലയിലിട്ടുകൊടുത്ത പൂമാലയെയും കാഴ്ചയില്ലാത്തവൻ പാമ്പെന്ന് പേടിച്ച് കുടഞ്ഞുകളയും.''**

തെല്ലും - അല്പവും    വല്ലഭ - പത്നി    മലിനത - അഴുക്ക്

കല്യാണം - മംഗളം    കലുഷമതി - കലങ്ങിയ ബുദ്ധി

ശകുന്തളയുടെ മനസ്സിന്റെ നന്മ തിരിച്ചറിയാൻ തന്റെ മനസ്സിന്റെ മാലിന്യം കൊണ്ട് കഴിഞ്ഞിരുന്നില്ലെന്ന കുറ്റസമ്മതമാണ് ദുഷ്ഷന്തൻ നടത്തുന്നത്.

ഈ ഭാഗം മനസ്സിലാക്കാനുള്ള ചോദ്യങ്ങൾ

*1. എന്റെ മനസ്സ് മലിനതയേറ്റ് മന്ദീഭവിച്ചിരുന്നു- മലിനതയെന്ത് ?*

*2. ശകുന്തളയെ ഉപേക്ഷിക്കാൻ കാരണമായ തന്റെ മാനസികാവസ്ഥയെ എന്തിനോട് സാദൃശ്യപ്പെടുത്തിയിരിക്കുന്നു ?*

*3. അന്ധൻ എന്ന് സ്വയം വിശേഷിപ്പിച്ചത് എന്തു കൊണ്ട് ?*

12. ''സമ്മോഹത്താലവശനതുനാളേതു............. ദയിതേ! ചെറ്റു ഞാനാറ്റിടട്ടേ''

**''ബുദ്ധി ഭ്രമത്താൽ മനസ്സിൽ ഇരുട്ടു ബാധിച്ച ഞാൻ അന്ന് നിന്റെ കണ്ണുനീർ തുള്ളികളായി ചുണ്ടുകളിൽ വീഴുന്നത് കണ്ടുനിന്നു.എന്നാൽ ഇന്ന് ആ കണ്ണുനീർ ചുളിവുവീണ നിന്റെ ഇമയ്ക്കുള്ളിൽ നിന്നും തുടച്ചിട്ട് എന്റെ പത്നീ ഞാൻ എന്റെ സങ്കടം പൂർണമായും തണുപ്പിക്കട്ടെ.''**

സമ്മോഹം - ബുദ്ധി ഭ്രമം, അജ്ഞാനം　　അന്തസ്താപം - മനസ്സിലെ ദുഃഖം
ചെറ്റ് - അല്പം　　സുമുഖി - സുന്ദരി　　ദയിത - ഭാര്യ,പത്നി

ശകുന്തള പണ്ട് ദുഷ്ഷന്തന്റെ കൊട്ടാരത്തിൽ വെച്ച് വീഴ്ത്തിയ ചുടുകണ്ണീരാണ് താനിപ്പോൾ തുടയ്ക്കുന്നത്. കൊട്ടാരത്തിൽവച്ച് പരിത്യജിച്ചപ്പോൾ ശകുന്തള പൊഴിച്ച കണ്ണീർ തുടയ്ക്കാൻ ദുഷ്ഷന്തന് സാധിച്ചിരുന്നില്ല.ശകുന്തള കരയുന്നത് ഒരു അനുകമ്പയുമില്ലാതെ നോക്കി നിന്നു. അന്ന് മനസ്സിലെ അജ്ഞതകൊണ്ട് അവളുടെ അധരങ്ങളിൽ പതിച്ച ചുടുകണ്ണീർ തുടയ്ക്കാൻ ദുഷ്ഷന്തന് കഴിഞ്ഞില്ല. അതിന്റെ പ്രായശ്ചിത്തമാണ് താനിപ്പോൾ ചെയ്യുന്നതെന്ന് സാരം.തിരിച്ചറിവിലൂടെയുണ്ടായ പശ്ചാത്താപം ദുഷ്ഷന്തന്റെ മഹത്ത്വം വർദ്ധിപ്പിച്ചിരിയ്ക്കുന്നു. സ്ത്രീയോടു ചെയ്ത അപരാധത്തിന് ക്ഷമചോദിക്കാനും പ്രായശ്ചിത്തം ചെയ്യാനും തന്റെ രാജപദവിയോ വീരത്വമോ തടസ്സമാകുന്നില്ലെന്നതും ശ്രദ്ധേയമാണ്.

ഈ ഭാഗം മനസ്സിലാക്കാനുള്ള ചോദ്യം

*1. തന്റെ തെറ്റിന് പ്രായശ്ചിത്തമായി എന്തു ചെയ്യുന്നുവെന്നാണ് ദുഷ്ഷന്തൻ പറയുന്നത് ?*

13. ''ഭവതിയുടയ പുത്രനെന്നുമേ ............................ ഭൂഷണപ്രായമായി''

**''നിന്റെ മകനായ ഇന്ദ്രൻ യുദ്ധത്തിൽ എന്നും മുമ്പനാണ്. ഭൂമിയെ പരിപാലിക്കുന്ന രാജാവായ ദുഷ്ഷന്തനാണിത്. ഇവന്റെ കുലവില്ലാൽ ശത്രുസംഹാരം നടത്തി. അതിനാൽവജ്രായുധം ഇന്ദ്രന് കേവലം അലങ്കാരമായി മാറി.''**

ഭൂഷണം - അലങ്കാരം

കശ്യപപ്രജാപതിയായ മാരീചൻ സ്വപത്നിയും ദേവമാതാവുമായ അദിതിയോട് പറയുന്നതാണ് സന്ദർഭം. ദേവേന്ദ്രന് വജ്രായുധം പ്രയോഗിക്കേണ്ടി വന്നില്ല. കാരണം ദുഷ്ഷന്തൻ ശത്രുവിനെ ഇല്ലാതാക്കിയിരിക്കുന്നു.ദുഷ്ഷന്തന്റെ വീരത്വത്തെയാണ് മാരീചൻ ഇവിടെ സൂചിപ്പിക്കുന്നത്.

ഈ ഭാഗം മനസ്സിലാക്കാനുള്ള സൂചക ചോദ്യം

*1. ഇന്ദ്രന്റെ ആയുധം വെറും അലങ്കാരമായി എന്ന് മാരീചൻ പറയുന്നതെന്തുകൊണ്ട് ?*

14. ''പന്ത്രണ്ടായിപ്പിരിഞ്ഞീടിന, .................................. വിധിക്കൊന്നുവിട്ടുള്ള പുത്രർ''

**''പന്തണ്ടായിപ്പിരിയുന്ന തേജസ്സിന്റെ സമൂഹമായ സൂര്യന്റെയും മന്ത്രത്താൽ പരിശുദ്ധമായ ഹോമദ്രവ്യമേൽക്കുന്ന ജഗദധിപനായ ഇന്ദ്രന്റെയും വിഷ്ണുവിന്റെ അവതാരമായ വാമനന്റെയും മാതാപിതാക്കളായിട്ടുള്ള മാരീചനും ദാക്ഷായണിയും ബ്രഹ്മാവിന്റെ പൗത്രരാണ്.''**

ധാതാവ്,മിത്രൻ,ആര്യമാവ് തുടങ്ങി പന്ത്രണ്ട് മൂർത്തീ ഭേദങ്ങൾ സൂര്യനുള്ളതായി മഹാഭാരതം ആദിപർവത്തിൽ പറയുന്നു. ഓരോ മാസവും സൂര്യൻ ഓരോ രൂപം ധരിക്കുന്നുവെന്ന് സങ്കൽപം.ഇങ്ങനെയുള്ള സൂര്യന്റെയും ഇന്ദ്രന്റെയും വാമനന്റെയും മാതാപിതാക്കളാണ് അദിതിയും കശ്യപനും.

15. ''പുരന്ദരസമൻ....................പൗലോമീതുല്യയാക നീ.''

മാരീചൻ ശകുന്തളയെ അനുഗ്രഹിക്കുന്നു.

**"ഇന്ദ്രതുല്യനായ ഭർത്താവ്, ജയന്തതുല്യനായ പുത്രൻ, നീ പൗലോമീതുല്യയാവുക." മറ്റെന്ത് ആശിസ്സാണ് ഞാൻ നൽകേണ്ടത്?''**

പുരന്ദരൻ = ഇന്ദ്രൻ　　ജയന്തൻ = ഇന്ദ്രന്റെ മകൻ　　പൗലോമി = ഇന്ദ്രന്റെ ഭാര്യ

ഈ ഭാഗം മനസ്സിലാക്കാനുള്ള സൂചക ചോദ്യം

*1. മാരീചൻ ശകുന്തളയ്ക്ക് നൽകിയ ആശിസ്സ് എന്ത് ?*

## ചോദ്യശേഖരം



**1. ശീർഷകത്തിന്റെ ഔചിത്യം**

ശാകുന്തളം നാടകത്തിലെ ഏഴാമങ്കത്തിൽ നിന്നെടുത്ത പാഠഭാഗത്തിന് ഋതുയോഗം എന്ന് പേരിട്ടത് ഔചിത്യപൂർണമാണ്. കാവ്യഭാഗത്തിന്റെ ആശയവുമായി ബന്ധപ്പെട്ട് ഋതു യോഗത്തിന് വസന്താഗമം എന്ന അർത്ഥം സങ്കൽപിക്കാം. ഋതുക്കളിൽ വെച്ച് ശ്രേഷ്ഠവും സുന്ദരവുമായത് വസന്തമാണ്. പാഠഭാഗത്ത് ദുഷ്ഷന്തന്റെയും ശകുന്തളയുടെയും സമാ ഗമം വസന്തകാലാനുഭവം പോലെ സുന്ദരമാകയാൽ ഋതു എന്ന പദം വസന്തകാലത്തെ സൂചിപ്പിക്കുന്നു.വസന്തം വരുമ്പോൾ വള്ളിപടർപ്പുകൾ പൂവണിയുന്നു. അതുപോലെ മോതിരം ധരിക്കൽ സൗഭാഗ്യത്തിന്റെ ചിഹ്നമാണെന്ന് ദുഷ്ഷന്തന്റെ വാക്കുകളിൽ നിന്നും തെളിയുന്നു. ഇവിടെ ശകുന്തളയുടെ ജീവിതത്തിലുണ്ടാവാൻ പോകുന്ന സൗഭാഗ്യത്തെ കവി ഭംഗ്യന്തരേണ സൂചിപ്പിക്കുന്നുണ്ട്. നായികാനായകൻമാരുടെ പുനസ്സമാഗമത്തെ ഋതു യോഗം എന്ന പ്രയോഗം കൊണ്ട് വ്യക്തമാക്കുന്നതിനാൽ ശീർഷകം തീർത്തും അനുയോ ജ്യമാണ്.

**2.സർവദമനിൽ പ്രകടമാകുന്ന ഭാവങ്ങൾ എന്തെല്ലാം ?**

**അല്ലെങ്കിൽ**

**സർവദമന്റെ പ്രവൃത്തികൾ വിശകലനം ചെയ്ത് കഥാപാത്ര നിരൂപണം തയാറാക്കുക.**

ആശ്രമത്തിലെത്തിയ ദുഷ്ഷന്തനെ ആദ്യകാഴ്ചയിൽ തന്നെ ബാലനായ സർവദമൻ അത്ഭുതപ്പെടുത്തുന്നുണ്ട്. മുലകുടിച്ചുകൊണ്ടിരിക്കുന്ന സിംഹക്കുട്ടിയെ പിടിച്ചു വലിച്ചു കൊണ്ടുപോയി അതിന്റെ വായ തുറന്ന് പല്ലെണ്ണുന്നത് ദുഷ്ഷന്തന് വിശ്വസിക്കാനാവുന്നി ല്ല. കാരണം ദുഷ്ഷന്തനെ സംബന്ധിച്ച് സിംഹം ക്രൂര മൃഗമാണ്. എന്നാൽ കുട്ടി ഒരു ഭയ വുമില്ലാതെയാണ് ഇങ്ങനെ പ്രവർത്തിക്കുന്നത്.സർവദമൻ എന്ന പേരിന്റെ അർത്ഥം എല്ലാം അടക്കുന്നവൻ എന്നാണ്.ലൗകികവ്യാപാരങ്ങളിൽ നിന്ന് ഇന്ദ്രിയങ്ങളെ അടക്കി വിജയം നേടിയവൻ എന്ന അർത്ഥവും ഇതിനുണ്ട്. കുട്ടിയുടെ നിഷ്കളങ്കതയും കുസൃതികളും ഇവിടെ തെളിയുന്നു. മാത്രമല്ല തന്റെ നിഷ്കളങ്കമായ പ്രവൃത്തിയിലൂടെ ആശ്രമ വാസികളെയും അവിടെയുള്ള ജീവജാലങ്ങളെയും സ്വാധീനിക്കാൻ സർവദമന് കഴിയുന്നു.

**3. ജാതിസ്വഭാവം വന്നുപോകുന്നുവല്ലോ- സൂചിതമെന്ത് ?**

ആശ്രമത്തിൽ ജീവിച്ചിട്ടും ക്ഷത്രിയ സ്വഭാവം കാണിക്കുന്നു.

**4. കളിക്കോപ്പേൽക്കാനായി.....തണ്ടാർ മലരുപോൽ.**

**ചമത്കാരഭംഗി / കാവ്യ ഭംഗി കണ്ടെത്തുക.**

സർവദമന്റെ മലർത്തി കാണിച്ച കൈ കണ്ടപ്പോൾ ദുഷ്ഷന്തന് തോന്നിയ കാര്യങ്ങ ളാണിത്.കളിപ്പാട്ടം കിട്ടുവാനായി സർവദമൻ കൗതുകത്തോടെ കൈകൾ നീട്ടി.സർവദമന്റെ വിടവില്ലാതെ വിരലുകൾ ചേർന്നുനിൽക്കുന്ന കൈകൾ നല്ലപോലെ ചുവപ്പ് നിറമുള്ള പ്രഭാ തത്തിൽ ഇതളുകൾ തെളിയാതെ വിടർന്നുവരുന്ന (പൂർണമായും വിരിയാത്ത) താമരപ്പൂ പോലെ വിളങ്ങുന്നു എന്ന് കാളിദാസൻ വർണിച്ചിരിക്കുന്നു. താമരപ്പൂവിന്റെ മൃദുലതയും ചുവപ്പ് നിറവും ഇളംകൈകൾക്ക് പൂർണമായും യോജിക്കുന്നു.പ്രഭാതത്തിൽ വിടർന്നുവ രുന്ന താമരപ്പൂവിന്റെ ഇതളുകൾ മുഴുവനായും വിരിഞ്ഞിട്ടുണ്ടാവില്ല. വിളക്കിച്ചേർത്തപോലെ വിരൽ ഞെരുങ്ങിനിൽക്കുന്ന ബാലന്റെ കൈകൾ ഇതിനുസമാനമാണ്. സർവദമന്റെ ബാല ത്വത്തെ ധ്വന്യാത്മകമായി ചിത്രീകരിക്കാൻ ഉഷസ്സ് എന്ന പ്രയോഗത്തിന് സാധിക്കുന്നുണ്ട്.

അതുകൊണ്ട് കാവ്യവർണന സർവദമനെ ചിത്രീകരിക്കുന്നതിന് പൂർണമായും അനുയോജ്യമാണ്.

**5. സർവദമനിൽ തേജസ്വിയായി വളരാനുള്ള ലക്ഷണങ്ങൾ ഉണ്ട് എന്ന ചിന്ത ദുഷ്ഷന്തനിൽ തെളിയുന്നതായി അവതരിപ്പിച്ചിരിക്കുന്നതെങ്ങനെ ?**

ഏതോ മഹാപുരുഷന്റെ പുത്രനായ ഈ ബാലനെ എരിയുന്നതിനുവേണ്ടി വിറകുകാത്തുകിടക്കുന്ന തീപ്പൊരിക്ക് സമമായി ദുഷ്ഷന്തൻ വിചാരിക്കുന്നു. ഈ കുട്ടിയിൽ എന്തോ ഒരു മഹത്വം ഒളിഞ്ഞിരിക്കുന്നതായി ദുഷ്ഷന്തന് തോന്നുന്നു. ഒരു തീപ്പൊരിമതി എല്ലാം കത്തിച്ച് പടർന്നു പിടിക്കാൻ. അങ്ങനെ മഹാ അഗ്നിജ്വാലയായി മാറാനുള്ള കരുത്ത് തീപ്പൊരിക്കുള്ളതു പോലെ വലിയൊരു തേജസ്സ് ഈ കുട്ടിയിലും ഉണ്ടാവാമെന്നാണ് ദുഷ്ഷന്തൻ ചിന്തിക്കുന്നത്.

**6. ''താപസി-സർവദമൻ എന്നു മഹർഷിമാർ നിനക്ക്..................................തന്നെ അറിയാം.'' ബാലന്റെ പ്രകൃതത്തെക്കുറിച്ചുള്ള സൂചനകൾ പാഠഭാഗത്ത് നിന്ന് കണ്ടെത്തി എഴുതുക.**

താപസിമാരുടെ ശാസനകൾക്കൊന്നും ചെവി കൊടുക്കാതെ കുസൃതികൾ തുടരുകയാണ് സർവദമൻ. ഇതെല്ലാം കണ്ട് മഹർഷിമാർ നിനക്ക് സർവദമൻ എന്ന് പേരിട്ടത് ശരിയാണെന്ന് താപസിമാർ പറയുന്നു. സർവദമൻ എന്നാൽ എല്ലാത്തിനെയും അടക്കിനിർത്തുന്നവൻ എന്നാണ് അർത്ഥം. സിംഹക്കുട്ടിയോടുള്ള അവന്റെ കളിയിൽ നിന്നും ധീരനാണെന്ന് മനസ്സിലാക്കാം. അവനെ സിംഹക്കുട്ടിയെ ഉപദ്രവിക്കുന്നതിൽ നിന്നും പിന്തിരിപ്പിക്കാൻ മറ്റൊരു കളിപ്പാട്ടം തരാം എന്ന് പറഞ്ഞപ്പോൾ കൈ നീട്ടുന്ന സർവദമന്റെ കൈകൾ ദുഷ്ഷന്തൻ കാണുന്നു. അപ്പോൾ കുട്ടിയുടെ കയ്യിൽ ചക്രവർത്തി ലക്ഷണം കാണുന്നുണ്ട്. വിടവില്ലാതെ ചേർന്ന് നിൽക്കുന്ന കൈകൾ ചക്രവർത്തിയായി തീരുന്നതിന്റെ ലക്ഷണമാണ്. മാത്രമല്ല രണ്ടുപേരും തമ്മിലുള്ള രൂപ സാദൃശ്യം താപസികളെ അത്ഭുതപ്പെടുത്തുന്നു.ലക്ഷണമൊത്ത ഈ ബാലകൻ സർവശക്തനായ ഒരാളുടെ മകനായിരിക്കാം എന്ന് ദുഷ്ഷന്തൻ സംശയിക്കുന്നു.കത്തിപ്പടരാൻ വിറകിനുവേണ്ടി കാത്തിരിക്കുന്ന തീപ്പൊരിയെപോലെയാണ് ബാലകനെ രാജാവ് കരുതുന്നത്.

**7.''സുവ്രതേ, ഇവൻ വാക്കുകൊണ്ടു മാത്രം തൃപ്തിപ്പെടുന്നവനല്ല''- രണ്ടാം താപസി ഇങ്ങനെ പറയാനുള്ള കാരണമെന്ത് ?**

മറ്റു കുട്ടികളെ കളി പറഞ്ഞ് കബളിപ്പിക്കുന്നതു പോലെ സർവദമനെ കബളിപ്പിക്കാൻ കഴിയില്ല. സിംഹക്കുട്ടിയെ ശല്യപ്പെടുത്തുന്നതിൽ നിന്നും അവനെ പിൻതിരിപ്പിക്കാൻ മറ്റൊരു കളിപ്പാട്ടം അവന് നൽകാമെന്നു പറഞ്ഞു. അതു കേട്ടാൽ കുട്ടി സിംഹക്കുട്ടിയെ ശല്യപ്പെടുത്തുന്നത് നിർത്തും എന്ന് അവർ കരുതി. എന്നാൽ കളിപ്പാട്ടം കയ്യിൽ കിട്ടിയാൽ മാത്രമേ അവൻ സംതൃപ്തനാവുകയുള്ളു എന്ന തിരിച്ചറിവാണ് ഇവൻ വാക്കുകൾ കൊണ്ട് മാത്രം തൃപ്തിപ്പെടുന്നവനല്ല എന്ന് രണ്ടാം താപസി പറയാൻ കാരണം.

**8. ആശ്രമവിരുദ്ധമായ ബാലന്റെ പ്രവൃത്തിയെ സൂചിപ്പിച്ചതെങ്ങനെ ?**

ചെറുപാമ്പ് ചന്ദനമരത്തെ അശുദ്ധമാക്കുന്നതിനോട്.

**9. ''എരിയാൻ.......................................വീരബാലനെ''- ആശയഭംഗിവ്യക്തമാക്കുക.**

സർവദമൻ എന്ന ബാലകൻ ദുഷ്ഷന്തനെ വല്ലാതെ സ്വാധീനിക്കുന്നുണ്ട്. ആദ്യകാഴ്ചയിൽ തന്നെ ബാലകനോട് സവിശേഷമായ ഒരടുപ്പം ദുഷ്ഷന്തന് തോന്നുന്നു. സ്വന്തം പുത്രനോടെന്നപോലെ ഒരു വാത്സല്യം രാജാവിൽ നിറയുന്നു. സർവദമനനെ കണ്ട ദുഷ്ഷന്തന്റെ മനസ്സിലുണ്ടാവുന്ന ചിന്തയാണിത്. ഈ കുട്ടി വലിയൊരു തേജസ്സിന്റെ വിത്താണെന്നാണ് രാജാവിന് തോന്നുന്നത്..എരിയുന്നതിനുവേണ്ടി വിറകു കാത്തുകിടക്കുന്ന

തീപ്പൊരിപോലെ ഭാവിയിൽ മഹാതേജസ്വിയായി വളരാനുള്ള ലക്ഷണങ്ങൾ ആശ്രമബാലനിലുണ്ടെന്ന് അദ്ദേഹം വിചാരിക്കുന്നു.

**10. ആശ്രമ വാസികൾക്ക് ചേരാത്തതാണ് കുട്ടിയുടെ പ്രവൃത്തി എന്ന് ദുഷ്ഷന്തൻ വ്യക്തമാക്കുന്നതെങ്ങനെ ?**

ചെറുപാമ്പ് ചന്ദനമരത്തിൽ ചുറ്റിപ്പിണഞ്ഞ് കയറും പോലെ കുസൃതികാണിച്ചുകൊണ്ട് നീ ആശ്രമത്തിന് ചേരാത്ത പ്രവൃത്തി ചെയ്യരുത് എന്നും പരിശുദ്ധവും പവിത്രവുമായ, ഗുണത്താൽ സൗമ്യമായ നിന്റെ ജന്മത്തിന് ഒരിക്കലും ദോഷമുണ്ടാക്കിവെക്കരുതെന്നും ദുഷ്ഷന്തൻ ബാലകനോട് പറയുന്നു. കുട്ടി മഹർഷി പുത്രനാണ് എന്നു കരുതിയാണ് ദുഷ്ഷന്തൻ അങ്ങനെ പറഞ്ഞത്. ദയയാണ് ആശ്രമ വാസികളുടെ പൊതുസ്വഭാവം. ഇതിനു വിരുദ്ധമായ ചാപല്യങ്ങളാണ് സർവദമനൻ കാണിക്കുന്നത്.(സിംഹത്തിന്റെ പല്ല് എണ്ണുന്നത്). ഇത് ക്ഷത്രിയന്മാരെ സംബന്ധിച്ച് ഉചിതമാണ്. എന്നാൽ ആശ്രമബാലന് ഇത്തരം പ്രവൃത്തികൾ പാടില്ല എന്നാണ് പറയുന്നത്. കുട്ടി ക്ഷത്രിയനാണ് എന്നത് രാജാവിന് അറിയില്ല. അതിവിശുദ്ധവും സൗമ്യവുമായ സാത്വിക ഗുണങ്ങൾ നിറഞ്ഞ ആശ്രമജീവിതത്തെ ചന്ദനമരത്തോടും സർവദമനനെ ചെറുപാമ്പിനോടും സാദൃശ്യപ്പെടുത്തിയത് ശ്രദ്ധേയമായിരിക്കുന്നു.

**11. ''വെറുതേ വിശുദ്ധതരസത്ത്വ......................വയ്ക്കൊലാ.'' - ആശയം വ്യക്തമാക്കുക. ദോഷമുളവാക്കുന്നതെങ്ങനെ ?**

''''

ദയയാണ് ആശ്രമ വാസികളുടെ പൊതുസ്വഭാവം. ഇതിനുവിരുദ്ധമായ ബാലചാപല്യങ്ങളാണ് സർവദമൻ കാണിക്കുന്നത്. ഇതുകൊണ്ടാണ് ചെറുപാമ്പ് പരിശുദ്ധമായ ചന്ദനമരത്തിനെയശുദ്ധമാക്കുന്നതുപോലെ, കുസൃതികാണിച്ചുകൊണ്ട് ആശ്രമത്തിന് ചേരാത്ത പ്രവൃത്തി ചെയ്യരുത് എന്ന് ദുഷ്ഷന്തൻ സർവദമനോട് പറയുന്നത്. ക്ഷത്രിയൻമാരെ സംബന്ധിച്ച് ഈ പ്രവൃത്തി ഉചിതമാണ്. എന്നാൽ ആശ്രമബാലന് ഇത്തരം പ്രവൃത്തികൾ പാടില്ല. കുട്ടി മഹർഷി പുത്രനാണ് എന്ന് ദുഷ്ഷന്തൻ കരുതുന്നു. കുട്ടി ക്ഷത്രിയനാണ് എന്നത് രാജാവിന് അറിയുകയുമില്ല . അതിവിശുദ്ധവും സൗമ്യവുമായ സാത്വിക ഗുണങ്ങൾ നിറഞ്ഞ ആശ്രമജീവിതത്തിന് നീ കളങ്കം സൃഷ്ടിക്കരുത് എന്ന് ദുഷ്ഷന്തൻ കുട്ടിയെ ഓർമപ്പെടുത്തുന്നു.

**12. ''ഇവന്റെ ആകൃതിക്കു ചേർന്ന പ്രകൃതികൊണ്ടുതന്നെ അറിയാം'' - എന്ത് ? വ്യക്തമാക്കുക?**

സർവദമന്റെ പ്രവൃത്തികളെ നിയന്ത്രിക്കാൻ കഴിയാതെയായ താപസിമാർ അവിടെയെത്തിയ ദുഷ്ഷന്തനോട് സിംഹക്കുട്ടിയെ ഉപദ്രവിക്കുന്ന സർവദമനെ അതിൽ നിന്നും പിന്തിരിപ്പിക്കാൻ സഹായിക്കണമെന്ന് അഭ്യർത്ഥിച്ചു. ഇത് സന്തോഷത്തോടെ ഏറ്റെടുക്കുന്ന ദുഷ്ഷന്തൻ മഹർഷിബാലകാ എന്നു വിളിച്ചാണ് കുട്ടിയെ അഭിസംബോധന ചെയ്തത്. ഇതുകേട്ട താപസിമാർ അവൻ മഹർഷിബാലകനല്ല എന്ന് വ്യക്തമാക്കുന്നു. അപ്പോഴാണ് ഇവന്റെ ആകൃതിയ്ക്കു ചേർന്ന സ്വഭാവം കൊണ്ടു തന്നെ എനിയ്ക്കതു മനസ്സിലായി എന്ന് ദുഷ്ഷന്തൻ പറഞ്ഞത്.ഈ സ്ഥലം ഒരു ആശ്രമമായതു കൊണ്ടാണ് കുട്ടി ഒരു മഹർഷി ബാലകനാണെന്ന് രാജാവ് ശങ്കിച്ചു പോയത്.

**13. ''പല്ലിൻമൊട്ടുകൾ..........ധന്യം ജനം''- വരികളിൽ തെളിയുന്ന ദുഷ്ഷന്തന്റെ മാനസിക ഭാവം എന്തായിരിക്കാം ? വിശദമാക്കുക.**

കൊച്ചരിപ്പല്ലുകൾ കാട്ടി ഒരുകാരണവുമില്ലാതെ നിഷ്കളങ്കമായി ചിരിച്ചും തെളിഞ്ഞ മനസ്സോടെ ആനന്ദിച്ചും അവ്യക്തമധുരമായ വാക്കുകൾ പറഞ്ഞും കുട്ടികൾ കളിക്കുന്നു. ഈ കാഴ്ചകൾ മാതാപിതാക്കൾക്ക് ആനന്ദപ്രദമാണ്. തങ്ങളുടെ മടിയിലിരുന്ന് കൊഞ്ചി

ക്കുഴയുന്ന കുഞ്ഞുങ്ങളുടെ ശരീരത്തിൽ പറ്റിയിരിക്കുന്ന പൊടി സ്വന്തം ശരീരത്തിലേൽക്കുന്നത് പോലും മാതാപിതാക്കൾ സുകൃതമായി കരുതുന്നു. ലൗകികജീവിതത്തിലെ ശ്രേഷ്ഠവും ധന്യവുമായ നിമിഷങ്ങളിലൊന്നാണിത്. അതിനുള്ള ഭാഗ്യം തനിയ്ക്കില്ലെന്നതാണ് ഇവിടെ ദുഷ്ഷന്തനെ ആശങ്കാകുലനാക്കുന്നത്.

**14.''എത്രയ്ക്ക് വേണമിവനെ പ്രതിപത്തിയോടെ**
**പുത്രത്വമോർത്തു പുണരുന്നൊരു പുണ്യവാന്ന് '' - ഈ വരികളിലൂടെ തെളിയുന്ന ദുഷ്ഷന്തന്റെ മാനസികാവസ്ഥയെന്ത് ?**

ഈ കുട്ടി മഹർഷി ബാലനല്ല എന്ന് തോഴിമാർ പറഞ്ഞപ്പോൾ അത് അവന്റെ ആകൃതിയ്ക്കു ചേർന്ന പ്രകൃതികൊണ്ട് തന്നെ അറിയാമെന്ന് പറഞ്ഞു ദുഷ്ഷന്തൻ കുട്ടിയെ തലോടുന്നു.ഏത് വംശത്തിൽ പെട്ടവനാണ് ഈ കുട്ടി എന്നറിയാതെ ഇവന്റെ ശരീരത്തിൽ തൊട്ടപ്പോൾ തനിക്ക് ഇത്രമാത്രം സുഖം തോന്നുന്നുവെങ്കിൽ പുത്രനാണെന്ന ചിന്തയോടെ പുണരുന്ന പിതാവ് അനുഭവിക്കുന്ന നിർവൃതി എത്രത്തോളമായിരിക്കും എന്നാണ് ദുഷ്ഷന്തന്റെ വിചാരം. കുട്ടിയുടെ കുസൃതിയും വീരത്വവും നിഷ്കളങ്കതയും പ്രസരിപ്പും ദുഷ്ഷന്തനെ വല്ലാതെ ആകർഷിച്ചു.അതിനാൽ തന്നെ സർവദമന്റെ പിതാവായിരിയ്ക്കുന്നത് അത്രയേറെ പുണ്യമാണെന്ന് ദുഷ്ഷന്തൻ കരുതുന്നു.സർവദമൻ തന്റെ പുത്രനായിരുന്നെങ്കിൽ എന്ന ദുഷ്ഷന്തന്റെ ചിന്ത തന്നെയാണ് ഇവിടെ തെളിഞ്ഞു കാണുന്നത്.

**15. ''പൗരവൻമാർക്ക് ഇങ്ങനെ അന്ത്യമായ കുലവ്രതമുണ്ടല്ലോ'' - സൂചിതതമെന്ത് ?**

സർവദമനും രാജാവിനും രൂപ സാദൃശ്യമുണ്ട് എന്ന് താപസിമാർ പറഞ്ഞപ്പോൾ ദുഷ്ഷന്തന്റെ മനസ്സിൽ തോന്നിയ കാര്യമാണ് ഇവിടെ കൊടുത്തിരിക്കുന്നത്. രാജാക്കൻമാർ നന്നായി രാജ്യം ഭരിച്ചതിനുശേഷം പ്രായമായാൽ രാജ്യഭാരം അനന്തരാവകാശിക്ക് നൽകിയ ശേഷം പത്നീസമേതം വനത്തിൽ കുടിൽ കെട്ടി അവിടെ താമസിച്ച് താപസ ജീവിതം നയിക്കാറുണ്ട്. ശിഷ്ട കാലം ഇങ്ങനെ ജീവിക്കുന്നതിനെയാണ് വാനപ്രസ്ഥം എന്നു പറയുന്നത്. പുരുവംശ രാജാക്കന്മാരും ഈ രീതി പിന്തുടരാറുണ്ട്. ഇതാണ് അവസാന കാലത്ത് അവർ അനുഷ്ഠിക്കുന്ന കുലവ്രതം. അങ്ങനെ കുലവ്രതം അനുസരിച്ച് ആ രീതി പിന്തുടർന്ന ഏതോ രാജാവിന്റെ കുട്ടിയായിരിക്കാം ഈ ബാലനെന്നും രാജാവ് ചിന്തിക്കുന്നു.

**16. ''എന്റെ ആശയ്ക്ക് ഒരു താങ്ങലും കൂടി ആയി'' - ഇങ്ങനെ ദുഷ്ഷന്തൻ ചിന്തിക്കുന്നത് എന്തു കൊണ്ട് ?**

**''ധർമപത്നിയെ ഉപേക്ഷിച്ച അയാളുടെ നാമധേയം ആര് ഉച്ചരിക്കും'' - ഈ വാക്കുകൾ രാജാവിലുണ്ടാക്കിയ ചിന്തയെന്ത് ? പരിശോധിക്കുക.**

സർവദമൻ മഹർഷി ബാലകനല്ല എന്നു താപസിമാർ വ്യക്തമാക്കുമ്പോൾ അത് അവന്റെ രൂപത്തിൽ നിന്നു തന്നെ തിരിച്ചറിയാം എന്ന് രാജാവ് പറയുന്നു.അവനെ സ്പർശിച്ച് അതിന്റെ അനുഭൂതിയിൽ ലയിക്കുന്ന ദുഷ്ഷന്തനിൽ ഇങ്ങനെയൊരു കുട്ടി തനിയ്ക്ക് ഇല്ലാതെ പോയതിന്റെ നിരാശ നിറയുന്നുണ്ട്. രണ്ടുപേരും തമ്മിലുള്ള രൂപ സാദൃശ്യം താപസിമാരെ അത്ഭുതപ്പെടുത്തുന്നു. പുരു വംശരാജാക്കന്മാർക്ക് അവസാനകാലത്ത് ഇങ്ങനെയൊരു കുലവ്രതമുണ്ടെന്നും അങ്ങനെ ഏതോ ഒരു രാജാവിന്റെ മകനായിരിക്കാം ഈ കുട്ടി എന്ന ചിന്തയാണ് രാജാവിലുണ്ടാവുന്നത്.ഒരു അപ്സരസ്സാണ് ഇവന്റെ അമ്മയെ ഇവിടെ എത്തിച്ചത് എന്നും ഈ ആശ്രമത്തിലാണ് ഇവനെ പ്രസവിച്ചത് എന്നും അറിയുമ്പോൾ ദുഷ്ഷന്തന് ഇത് തന്റെ കുട്ടിയാണോ എന്നുള്ള തോന്നൽ ഉണ്ടാവുന്നു.തന്റെ ആശയ്ക്ക് ഒരു താങ്ങലും കൂടി ആയി എന്നാണ് രാജാവ് കരുതുന്നത്. കാരണം പണ്ട് താൻ ശകുന്തളയെ അറിയില്ലെന്നു പറഞ്ഞ് ഒഴിവാക്കിയപ്പോൾ അവളെ കൊണ്ടു പോയത് ഒരു അപ്സരസ്സാണ്. ശകുന്തളയുടെ ഭർത്താവ് ആരാണെന്ന് ദുഷ്ഷന്തൻ ചോദിച്ചപ്പോൾ ധർമപത്നിയെ

ഉപേക്ഷിച്ച അയാളുടെ പേര് ആരാണ് ഉച്ചരിക്കുക എന്ന് പുച്ഛത്തോടെ താപസിമാർ ചോദിച്ചു. ഈ വാക്കുകൾ കേട്ടപ്പോൾ ഇത് തന്നെ ഉദ്ദേശിച്ചുതന്നെയാണ് ഇവർ പറയുന്നത് എന്ന് ദുഷ്ഷന്തന് തോന്നുന്നുണ്ട്. എന്നാൽ അത് ഉറപ്പിക്കുവാനുള്ള ചോദ്യങ്ങൾ ചോദിക്കാൻ ദുഷ്ഷന്തന് കഴിയുന്നില്ല.

**17. ''ഈ പ്രസ്താവം കാനൽ ജലം പോലെ ഒടുവിൽ എനിയ്ക്ക് വിഷാദത്തിന് ഇടയാക്കാതിരുന്നാൽ കൊള്ളാമായിരുന്നു- ദുഷ്ഷന്തൻ ഇങ്ങനെ ചിന്തിക്കാൻ കാരണമെന്ത് ?**

സർവദമന് കളിക്കാൻ മൺമയിലിനെ കൊണ്ടുവന്ന താപസി ശകുന്തലാസ്യം നോക്കൂ എന്ന് കുട്ടിയോട് പറയുമ്പോൾ എന്റെ അമ്മ ഇവിടെയില്ല എന്നാണ് സർവദമൻ പറയുന്നത്. മാതൃവത്സലനായ കുട്ടി അർത്ഥം തെറ്റിദ്ധരിച്ചിരിക്കുകയാണെന്നും മയിലാടുന്നതു നോക്കൂ എന്നാണ് ഞാൻ പറഞ്ഞത് എന്നും താപസി പറയുമ്പോൾ കുട്ടിയുടെ അമ്മയുടെ പേര് ശകുന്തള എന്നാണോ എന്ന് ദുഷ്ഷന്തൻ ചിന്തിക്കുന്നു. മരുഭൂമിയിൽ ജലമില്ലാത്തിടത്ത് ജലമുണ്ടെന്ന തോന്നൽ നമ്മിലുണ്ടാവുന്നതാണ് കാനൽ ജലം എന്നത് കൊണ്ട് അർത്ഥമാക്കുന്നത്.കുട്ടിയുടെ വാക്കുകൾ സന്തോഷം നൽകുന്നതാണെങ്കിലും ശകുന്തളയെന്ന പേരിൽ എത്ര പേരുണ്ടാവുമെന്നും താൻ പ്രതീക്ഷയർപ്പിച്ചിട്ട് തന്റെ ആഗ്രഹം സഫലമായില്ലെങ്കിൽ അത് വീണ്ടും ദുഃഖമുണ്ടാക്കുമെന്നും ദുഷ്ഷന്തനറിയാം. മരുഭൂമിയിൽ വെള്ളമുണ്ടാവുമെന്ന് തോന്നി വെള്ളവുമന്വേഷിച്ച് ചെല്ലുമ്പോൾ നിരാശയുണ്ടാവുന്നതു പോലെ തന്റെ ഭാര്യ ശകുന്തളയായിരിക്കാം അത് എന്ന് ചിന്തിച്ചിട്ട് അവസാനം സങ്കടം ഉണ്ടാവാതിരുന്നാൽ മതിയായിരുന്നെന്ന് ദുഷ്ഷന്തൻ വിചാരിക്കുന്നു.

**18. രാജാവ് സർവദമന്റെ കയ്യിൽ നിന്നും വീണ രക്ഷ എടുത്തപ്പോൾ താപസിമാർ അത്ഭുതപ്പെട്ടത് എന്തുകൊണ്ട് ?**

സർവദമന് അവന്റെ ജാതകർമസമയത്ത് മാരീചഭഗവാൻ കെട്ടിക്കൊടുത്തതാണ് അപരാജിത എന്ന പേരിലുള്ള രക്ഷ. ഇതിന് ഒരുപാട് പ്രത്യേകതകൾ ഉണ്ട്. അച്ഛനും അമ്മയും സർവദമനും മാത്രമേ അത് സ്പർശിക്കാൻ പാടുള്ളൂ. മറ്റുള്ളവർ അതിൽ സ്പർശിച്ചാൽ ആ ചരട് പാമ്പായി വന്ന് സ്പർശിച്ചതാരാണെങ്കിലും അവരെ കടിക്കും. എന്നാൽ ഒരു പരിചയവുമില്ലാത്ത ഒരാൾ ആശ്രമത്തിൽ വന്നിട്ട് സർവദമന്റെ കയ്യിൽ നിന്നും വീണ രക്ഷ എടുത്തിട്ട് അദ്ദേഹത്തിന് ഒന്നു സംഭവിക്കാതിരിക്കുമ്പോൾ അത് താപസിമാരെ അത്ഭുതപ്പെടുത്തുന്നു.

**19. ശകുന്തളയെ തിരിച്ചറിഞ്ഞ ദുഷ്ഷന്തൻ അവളോട് ക്ഷമ ചോദിക്കുന്നതിൽ നിന്നും തെളിയുന്ന ദുഷ്ഷന്തന്റെ സവിശേഷതയെന്ത് ?**

തന്റെ കൊട്ടാരത്തിലെത്തിയ ഗർഭിണിയായ ശകുന്തളയെ ദുഷ്ഷന്തൻ തിരിച്ചയയ്ക്കുമ്പോൾ അപമാനഭാരത്താൽ ശകുന്തള കരഞ്ഞിരുന്നു. അന്ന് മനസ്സിലെ അജ്ഞതകൊണ്ട് അവളുടെ ചുടുകണ്ണീർ തുടയ്ക്കാൻ തനിയ്ക്ക് കഴിഞ്ഞില്ല.ഇന്ന് ഇവളുടെ മനോഹരമായ ഇമകളിൽ പറ്റിനിൽക്കുന്ന കണ്ണീർ തുടച്ച് ഞാൻ എന്റെ മനസ്സിന്റെ ദുഃഖം അൽപ്പം കുറയ്ക്കട്ടെ എന്ന് ദുഷ്ഷന്തൻ വിചാരിയ്ക്കുന്നു.കൊട്ടാരത്തിൽവച്ച് പരിത്യജിച്ചപ്പോൾ ശകുന്തള പൊഴിച്ച കണ്ണീർ തുടയ്ക്കാൻ ദുഷ്ഷന്തന് സാധിച്ചിരുന്നില്ല. അതിന്റെ പ്രായശ്ചിത്തമാണ് താനിപ്പോൾ ചെയ്യുന്നതെന്ന് സാരം.തിരിച്ചറിവിലൂടെയുണ്ടായ പശ്ചാത്താപം ദുഷ്ഷന്തന്റെ മഹത്ത്വം വർദ്ധിപ്പിച്ചിരിയ്ക്കുന്നു.സ്ത്രീയോടു ചെയ്ത അപരാധത്തിന് ക്ഷമചോദിക്കാനും പ്രായശ്ചിത്തം ചെയ്യാനും തന്റെ രാജപദവിയോ വീരത്വമോ ദുഷ്ഷന്തന് തടസ്സമാകുന്നില്ലെന്നതാണ് ഇവിടെ ശ്രദ്ധേയമായ വസ്തുത.

**20. സാദൃശ്യകൽപനയുള്ള വരികൾ കണ്ടെത്തുക.**

-എരിയാൻ വിറകിന് കാത്തിരിയ്ക്കുന്ന അഗ്നിയെപ്പോലെ.

-ചെറുപാമ്പ് ചന്ദനമരത്തെയെന്നപോലെ.
-രാഹുവിനെ വിട്ട് ചന്ദ്രൻ രോഹിണിയോട് ചേരുന്നത് പോലെ.
-മാല തലയിലിട്ടാൽ പാമ്പാണെന്ന് കരുതി തല കുടയുന്ന അന്ധരെയെന്നപോലെ.

**21. 'ജയ പ്രാർത്ഥന പകുതി മുറിഞ്ഞിട്ടും ഫലിച്ചു' എന്ന് ദുഷ്ഷന്തൻ കരുതിയത് എന്തുകൊണ്ട് ?**

ആര്യ പുത്രൻ വിജയിക്കട്ടെ എന്ന ശകുന്തളയുടെ ജയപ്രാർത്ഥന സങ്കടത്താൽ മുഴുമിപ്പിക്കാൻ അവൾക്കായില്ല. അവളുടെ രൂപത്തിൽ തന്നെ അവൾ ദുഃഖിതയാണെന്നതിന്റെ തെളിവുണ്ട്. വിരഹദുഃഖം അനുഭവിക്കുന്ന സ്ത്രീകൾ വെറ്റിലമുറുക്കാറില്ല. ശകുന്തളയെ കണ്ടപ്പോൾ ചുണ്ടുകളിൽ മുറുക്കിയതിന്റെ അടയാളം കാണാത്തതിനാൽ അവൾ ദീർഘകാലമായി വേർപാടിന്റെ ദുഃഖം അനുഭവിച്ചിരുന്നുവെന്ന് രാജാവിന് മനസ്സിലായി. അതുകൊണ്ട് തന്നെ വാക്കു മുറിഞ്ഞാലും അവളുടെ ഈ രൂപത്തിൽ നിന്നും ഇക്കാലമത്രയും അവൾ തന്നെ സ്നേഹിച്ചിരുന്നുവെന്ന് അറിഞ്ഞപ്പോഴുണ്ടാവുന്ന ദുഷ്ഷന്തന്റെ സന്തോഷമാണ് ഇവിടെ തെളിയുന്നത്.

**22. "മോഹമകന്നു........................ഭാഗ്യവശാൽ" -ശകുന്തളയെ കണ്ടുമുട്ടിയതിനെ ദുഷ്ഷന്തൻ എന്തിനോടാണ് സാദൃശ്യപ്പെടുത്തുന്നത് ? വിശദമാക്കുക.**

ഉപമാലങ്കാരം കൊണ്ട് തന്റെ സാഹിത്യത്തെ സമ്പന്നമാക്കിയ കവിയാണ് കാളിദാസൻ അദ്ദേഹത്തിന്റെ സവിശേഷമായ സാദൃശ്യകല്പനയാണ് പ്രസ്തുത വരികൾ.ദുഷ്ഷന്തൻ ശകുന്തളയെ ഏറെ നാളത്തെ കാത്തിരിപ്പിന് ശേഷം കണ്ടുമുട്ടിയതിനെക്കുറിച്ചാണ് ഇവിടെ പറയുന്നത്. ചന്ദ്രന്റെ ഭാര്യയാണ് രോഹിണി. രാഹുഗ്രസ്തനാകുമ്പോൾ രോഹിണിയെക്കാണാൻ ചന്ദ്രനു സാധിക്കുകയില്ല. ഗ്രഹണം തീരുമ്പോൾ രോഹിണീസാമീപ്യം കൈവരുകയും ചെയ്യും.അതുപോലെ ശാപശക്തി കൊണ്ട് ശകുന്തളയെ മറന്നുപോയ ദുഷ്ഷന്തന് ശാപമകന്ന് ബുദ്ധി തെളിഞ്ഞപ്പോൾ ശകുന്തളയെ തിരിച്ചറിയാൻ കഴിഞ്ഞു എന്നാണ് ഇവിടെ സൂചിപ്പിക്കപ്പെടുന്നത്.

**23. വള്ളി ഋതുയോഗത്തിന്റെ ചിഹ്നമായ പുഷ്പത്തെ ധരിക്കട്ടെ- ആശയം വ്യക്തമാക്കുക.**

മോതിരം ധരിക്കട്ടെ എന്നാണ് ഇതുകൊണ്ട് അർത്ഥമാക്കുന്നത്.

**24. സർവദമനനെ കണ്ടപ്പോൾ ദുഷ്ഷന്തന്റെ മനസ്സിലുണ്ടാവുന്ന ചിന്തകൾ സൂചനകളായി കുറിക്കുക ?**

- ഭാവിയിൽ മാഹാതേജസ്വിയായി വളരാനുള്ള ലക്ഷണങ്ങൾ ആശ്രമബാലനായ സർവദമനിൽ ദുഷ്ഷന്തൻ കാണുന്നു.
- സർവദമനന്റെ പിതാവായിരിക്കുന്നത് അത്രയേറെ പുണ്യമാണെന്ന് ദുഷ്ഷന്തൻ കരുതുന്നു.
- നിഷ്കളങ്കനായ സർവദമനന്റെ കളികൾ ദുഷ്ഷന്തനെ സ്വാധീനിക്കുന്നു.മാത്രമല്ല ഇങ്ങനെയൊരു കുട്ടിയെ ലാളിക്കാനുള്ള ഭാഗ്യം തനിയ്ക്കില്ലാത്തതിനാൽ ദുഃഖിതനാവുന്നുമുണ്ട്.

**25. ശകുന്തള തന്നെ സ്നേഹിച്ചിരുന്നു എന്നതിന് തെളിവായി ദുഷ്ഷന്തൻ കാണുന്നതെന്തെല്ലാം ?**

വിരഹദുഃഖം അനുഭവിക്കുന്ന സ്ത്രീകൾ വെറ്റിലമുറുക്കാറില്ല. ശകുന്തളയെ കണ്ടപ്പോൾ ചുണ്ടുകളിൽ മുറുക്കിയതിന്റെ അടയാളം കാണാത്തതിനാൽ അവൾ ദീർഘകാലമായി വേർപാടിന്റെ ദുഃഖം അനുഭവിച്ചിരുന്നുവെന്ന് രാജാവിന് മനസ്സിലായി.ഇതിൽ ദുഷ്ഷന്തനോടുള്ള

ശകുന്തളയുടെ സ്നേഹമാണ് വെളിവാക്കപ്പെടുന്നത്.

**26. കഥാഗതിയെ നാടകീയമായി വളർത്തിക്കൊണ്ടുവരാൻ കവി സ്വീകരിച്ച രചനാതന്ത്രങ്ങൾ എന്തെല്ലാം ?**

-സർവദമനൻ സിംഹക്കുട്ടിയുമായി കളിച്ചുകൊണ്ടിരിക്കുമ്പോൾ വളരെ ആകസ്മികമായിട്ടായിരുന്നു ദുഷ്ഷന്തന്റെ കടന്നുവരവ്.

-ശകുന്തലാസ്യം എന്ന പ്രയോഗം കുട്ടിയിലുണ്ടാക്കിയ തെറ്റിദ്ധാരണ ദുഷ്ഷന്തൻ ശ്രദ്ധിക്കുകയും ശകുന്തളയെക്കുറിച്ചാണ് പറയുന്നത് എന്ന് സംശയിക്കുകയും ചെയ്യുന്നു.

-ദുഷ്ഷന്തന്റെയും കുട്ടിയുടെയും മുഖസാമ്യം താപസ്വികളെ അത്ഭുതപ്പെടുത്തുന്നു.

-സർവദമനന്റെ കയ്യിൽ നിന്നും വീണ രക്ഷ ദുഷ്ഷന്തൻ എടുക്കുന്നു.

-ശകുന്തളയുടെ കാൽക്കൽ വീണ് ദുഷ്ഷന്തൻ മാപ്പിരക്കുന്നു.

-ശകുന്തള ദുഷ്ഷന്തന്റെ വിരലിൽ മോതിരം കാണുന്നത്.

ഇവയെല്ലാം നാടകത്തെ സമർത്ഥമായി മുന്നോട്ടുകൊണ്ടുപോകുന്നു.

**27. ദുഷ്ഷന്ത മഹരാജാവിന്റെ സവിശേഷതകൾ കുറിക്കുക.**

ഇന്ദ്രന്റെ ആവശ്യ പ്രകാരം യുദ്ധത്തിൽ സഹായിക്കാനായി പോകുന്ന ദുഷ്ഷന്തൻ അതിൽ വിജയിക്കുന്നു. ധീരനും പരാക്രമിയുമായ അദ്ദേഹത്തിൽ ഒരു രാജാവിനുണ്ടായിരിക്കേണ്ട എല്ലാ ലക്ഷണങ്ങളും ഇണങ്ങിയിരിക്കുന്നുണ്ട് എന്ന് പാഠഭാഗത്തിലെ പല സന്ദർഭങ്ങളും തെളിയിക്കുന്നു. ആശ്രമത്തിലെത്തിയ ദുഷ്ഷന്തന്റെ താപസികളോടുള്ള പെരുമാറ്റത്തിൽ നിന്നും സർവദമനോടു കാണിക്കുന്ന വാത്സല്യത്തിൽ നിന്നും സ്നേഹസമ്പന്നനും സന്ദർഭത്തിനനുസരിച്ച് പെരുമാറാനുമറിയുന്ന വ്യക്തിയാണ് അദ്ദേഹം എന്ന് വായനക്കാർക്ക് മനസ്സിലാക്കാം. നിറഞ്ഞ പുത്രവാത്സല്യം ഓരോ സന്ദർഭത്തിലും തെളിയുന്നുണ്ട്. ശകുന്തളയെ കണ്ടപ്പോൾ താൻ ചെയ്തുപോയ തെറ്റിന് ക്ഷമ ചോദിക്കാൻ അദ്ദേഹം മടിക്കുന്നില്ല. സ്ത്രീയോടു ചെയ്ത തെറ്റിന് ക്ഷമ ചോദിക്കാൻ രാജപദവിയിലിരിക്കുന്ന വ്യക്തിയായിട്ടുപോലും ഒരു മടിയും ദുഷ്ഷന്തൻ കാണിക്കുന്നില്ല. ഓരോ അവസരത്തിലും എങ്ങനെ പെരുമാറണം എന്ന വിവേകം തന്നെയാണിത്. സമർത്ഥനായ ഒരു രാജാവിനുണ്ടായിരിക്കേണ്ട ഏറ്റവും വലിയ ഗുണം ആദരിക്കേണ്ടവരെ ആദരിക്കാനും അംഗീകരിക്കേണ്ടവരെ അംഗീകരിക്കുവാനുമുള്ള കഴിവാണ്. അതുകൊണ്ടു തന്നെയാണ് കശ്യപഭഗവാനെ കണ്ട് അനുഗ്രഹം വാങ്ങണമെന്ന് ദുഷ്ഷന്തൻ ശകുന്തളയോട് ആവശ്യപ്പെടുന്നത്.

ശ്രീനേഷ്.എൻ
എച്ച്.എസ്.ടി മലയാളം
ജി.എച്ച്.എസ്.പേരാമ്പ്ര പ്ലാന്റേഷൻ
പേരാമ്പ്ര-കോഴിക്കോട്